## അനുസ്മരണം

# എം.ബി മുഹമ്മദലി



**പ്രസ്ഥാന** പ്രവർത്തനത്തിനും സാമൂഹിക സേവനത്തിനും ജീവിതം സമർപ്പിച്ച അനുഗൃഹീത വ്യക്തിത്വമായിരുന്നു ആലുവയിലെ എം.ബി മുഹമ്മദലി. ആലുവ പ്രാദേശിക ജമാഅത്ത് ഘടകത്തിന്റെ അമീറും വ്യാപാര പ്രമുഖനുമായ എം.എം ബാവ സാഹിബിന്റെ പുത്രനായ മുഹമ്മദലി ആലുവയിലെയും പരിസരത്തെയും പ്രസ്ഥാന പ്രവർത്തന രംഗത്തെ നിറസാന്നിധ്യമായിരുന്നു. ആലുവ ഹിറാ ട്രസ്റ്റിന്റെ കീഴിൽ സ്ഥാപിതമായ നഗരത്തിലെ അൻസ്വാർ മസ്ജിദ്, കോംപ്ലക്സ് എന്നിവയുടെ നിർമാണവും നടത്തിപ്പും ജീവിത ദൗത്യമായി അദ്ദേഹം ഏറ്റെടുത്തു.

1962-ൽ ആരംഭിച്ചതാണ് ഞാനും മർഹൂം ബാവ സാഹിബിന്റെ മക്കളായ അബ്ദുൽ മജീദും മുഹമ്മദലിയുമായുള്ള ബന്ധം. ബാവ സാഹിബ് രണ്ടു മക്കളെയും ശാന്തപുരം ഇസ്‌ലാമിയാ കോളേജിൽ ചേർത്ത വർഷമാണ് എന്നെയും പിതാവ് അതേ സ്ഥാപനത്തിൽ ചേർത്തത്. ഞങ്ങൾ മൂവരുടെയും ലോക്കൽ ഗാർഡിയൻ മർഹൂം വി.എ ശംസുദ്ദീൻ ആയിരുന്നു. കുറഞ്ഞ വർഷങ്ങൾക്ക് ശേഷം മുഹമ്മദലി ചേന്ദമംഗല്ലൂരിൽ പഠനം തുടരുകയായിരുന്നു. പഠനാനന്തരം പിതാവിന്റെ വ്യാപാര നടത്തിപ്പിൽ പങ്കാളികളായ മക്കൾ പ്രസ്ഥാന പ്രവർത്തന പാതയിൽ തന്നെ നിലയുറപ്പിച്ചു. 1970-ൽ ആലുവയിൽ പ്രസ്ഥാന പ്രവർത്തനത്തിന് നിയമിതനായ എന്നെ തന്റെ മൂന്നാമത്തെ മകനായി പരിഗണിച്ച് ബാവ സാഹിബ് രണ്ടു മക്കൾക്കുമൊപ്പം പട്ടേരിപുറത്തെ തന്റെ ഭവനത്തിൽ താമസിപ്പിച്ചു അവർക്കൊപ്പം വളർത്തി. അവരുടെ ഉമ്മ എനിക്കും ഉമ്മയായിരുന്നു. ആ വീട്ടിലെ ഒരംഗമായി ജീവിച്ച എനിക്ക് മുഹമ്മദലിയുടെ മരണം കൂടപ്പിറപ്പായ സഹോദരന്റെ മരണമായി അനുഭവപ്പെട്ടത് സ്വാഭാവികം.

നിഷ്കളങ്കവും നിസ്വാർഥവുമായ ഇടപെടലുകളിലൂടെ ജനഹൃദയങ്ങളിൽ സ്ഥാനമുറപ്പിച്ച മുഹമ്മദലിയുടെ പ്രസ്ഥാന പ്രവർത്തനം ആരംഭിക്കുന്നത് 1970-ൽ ആലുവയിൽ രൂപവൽക്കരിക്കപ്പെട്ട ഇസ്‌ലാമിക് സ്റ്റഡി സർക്കിൾ സെക്രട്ടറിയായത് മുതൽക്കാണ്. ആലുവ ജുമുഅത്ത് പള്ളി ഖത്വീബ് മർഹൂം കെ.പി ബാപ്പു മുസ്‌ലിയാർ, പ്രസ്ഥാന രംഗത്തെ ആലുവ ടി.കെ മുഹമ്മദ് സാഹിബ്, ടി.എ അലിയാർ സാഹിബ്, അല്ലാബഖ്ഷ്, എ. മുഹമ്മദലി സാഹിബ് തുടങ്ങിയവരുമായുള്ള ഊഷ്മള ബന്ധം മുഹമ്മദലി എന്ന സജീവ ഇസ്‌ലാമിക പ്രവർത്തകനെ രൂപപ്പെടുത്തുകയായിരുന്നു. നിരവധി സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിച്ച മുഹമ്മദലി ഒട്ടനവധി കുടുംബ പ്രശ്നങ്ങളിൽ മധ്യസ്ഥത വഹിച്ച് രഞ്ജിപ്പുണ്ടാക്കി. ഏത് തലത്തിൽപെട്ട ആളുകളുമായും പെട്ടെന്നിണങ്ങിച്ചേർന്ന് അവരിൽ ഒരാളായി നിന്ന് പെരുമാറാനും അവരെ പ്രസ്ഥാന പ്രവർത്തനത്തിൽ കണ്ണിചേർക്കാനും കഴിഞ്ഞു എന്നത് മുഹമ്മദലിയുടെ സിദ്ധിയായിരുന്നു. അൻസ്വാർ സ്ഥാപനങ്ങൾ നടത്തുന്ന ആലുവ ഹിറാ ട്രസ്റ്റ് സെക്രട്ടറി, പലിശ രഹിത സ്ഥാപനമായ ദാറുൽ അമാനത്ത് സെക്രട്ടറി, സംഗമം മൾട്ടി കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആലുവ ഡിവിഷൻ ഡയറക്ടർ ബോർഡ് അംഗം, മസ്ജിദുൽ അൻസ്വാർ സകാത്ത് കമ്മിറ്റി പ്രസിഡന്റ്, ജമാഅത്ത് ടൗൺ ഹൽഖാ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചുവരികയായിരുന്നു. മസ്ജിദ് കോംപ്ലക്സിൽ പർദാ ഹൗസിന്റെ എം.ഡിയും ആലുവ മാർക്കറ്റിലെ മുണ്ടോപാടൻ ഏജൻസീസിന്റെ പാർട്ണറുമായ മുഹമ്മദലി വ്യാപാര രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചു. വ്യാപാര ബന്ധങ്ങളും പ്രസ്ഥാനത്തിന് വേണ്ടി ഉപയോഗപ്പെടുത്തി. മൂവാറ്റുപുഴ മർഹൂം പി.എം.ടി ഹസൻ സാഹിബിന്റെ മകൾ സുഹ്റയാണ് ഭാര്യ. റിയാസ്, റസ്‌ല, റജ്‌ല എന്നിവർ മക്കൾ.

**പി.കെ ജമാൽ**

# കെ. അബ്ദുല്ലക്കുട്ടി



**കീഴുപറമ്പ്** പ്രാദേശിക ജമാഅത്തിലെ അംഗവും ആദ്യകാല പ്രവർത്തകനുമായിരുന്നു കാരണത്ത് അബ്ദുല്ലക്കുട്ടി സാഹിബ് (74). ദീനീ നിഷ്ഠയുള്ള കുടുംബത്തിലെ പതിമൂന്ന് മക്കളിൽ ഒരാളായിരുന്ന അദ്ദേഹമാണ് തൊട്ടടുത്തുള്ള കുനിയിൽ പ്രദേശത്ത് പ്രസ്ഥാനം കെട്ടിപ്പടുത്തതും അവിടെ പള്ളി, മദ്റസ ഉൾപ്പെടെയുള്ള മഹല്ല് സംവിധാനം സ്ഥാപിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചതും. വളരെക്കാലം കുനിയിൽ ഹൽഖാ നാസിമായും കീഴുപറമ്പ് പ്രാദേശിക ജമാഅത്ത് സെക്രട്ടറിയായും *പ്രബോധനം* ഏജന്റായും പ്രവർത്തിച്ചിട്ടുണ്ട്.

രോഗ ശയ്യയിൽ കിടക്കുമ്പോൾ സന്ദർശകരോടുള്ള പ്രധാന അന്വേഷണം പ്രസ്ഥാനത്തെക്കുറിച്ചായിരുന്നു. പ്രദേശത്തെ ബീഡിത്തൊഴിലാളികളിൽ പ്രസ്ഥാനത്തിന്റെ സന്ദേശമെത്തിക്കുന്നതിന് കാര്യമായി യത്നിച്ചു. പിതൃസഹോദരപുത്രിയും ഒരു കാലത്ത് ജമാഅത്ത് വനിതാ വേദികളിലെ പ്രമുഖ പ്രഭാഷകയും ദീർഘകാലം ചേന്ദമംഗല്ലൂർ ഇസ്‌ലാഹിയാ കോളേജിലെ അധ്യാപികയുമായിരുന്ന കെ.ടി ആസ്യ ടീച്ചറാണ് ഭാര്യ. നാല് പെൺമക്കളെയും പ്രസ്ഥാന കുടുംബങ്ങളിലേക്കാണ് വിവാഹം ചെയ്തയച്ചത്.

**കെ. അബ്ദുൽ ഖാദിർ, കീഴുപറമ്പ്**

# വടക്കേതിൽ ഹംസ മൗലവി

**ഇസ്‌ലാമിക** പ്രസ്ഥാനത്തിൽ സജീവ സാന്നിധ്യമായിരുന്നു വടക്കേതിൽ ഹംസ മൗലവി. ആലത്തൂർ അൽമനാർ പഴമ്പാലക്കോട് എൽ.പി സ്കൂളിൽ അറബി അധ്യാപകനായി 32 കൊല്ലം സേവനം. പെരിന്തൽമണ്ണക്കടുത്ത് വലമ്പൂർ പൂപ്പലം *മാധ്യമം* ഓഫീസിന്റെയടുത്തായിരുന്നു അദ്ദേഹത്തിന്റെ



താമസം. വായനതൽപരനായ ഹംസ മൗലവി ചെറിയ കുറിപ്പുകൾ എഴുതുകയും ചെയ്തിരുന്നു. *പ്രബോധന*ത്തിലടക്കം അത്തരം എഴുത്തുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഖുർആൻ വായനയിൽ താൽപര്യം കണ്ടെത്തിയിരുന്ന അദ്ദേഹത്തെ പ്രസ്ഥാന യോഗങ്ങളിലും കൺവെൻഷനുകളിലും സ്ഥിരമായി ഖുർആൻ ക്ലാസ് അവതരിപ്പിക്കാൻ ഏൽപ്പിക്കുമായിരുന്നു. ഭാര്യയും അഞ്ച് മക്കളുമടങ്ങുന്നതാണ് കുടുംബം.

**അബ്ദുൽ റസാഖ് മാസ്റ്റർ, ആലത്തൂർ**

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി*
*അനുഗ്രഹിക്കേണമേ - ആമീൻ*